# കീടക്കലി

**കെ.ജി.എസ്**

വിജയം
മഴയെപ്പോലെ
തളിര് തന്നു
പൂക്കൾ തന്നു
കനിക്കാലം വരുന്നെന്ന
പ്രത്യാശ തന്നു.
കിണറിന്റെ താണ കരുണ
തൊടാവുന്ന തൊടിയിലേ-
ക്കുയർത്തിത്തന്നു.
ഇനിയിത് താഴില്ലെന്ന തോന്നൽ തന്നു.

എന്നാൽ
മഴയെപ്പോലെ വിജയവും
പൂ വിരിഞ്ഞ ചെടിയിൽത്തന്നെ
തണ്ടുതുരപ്പൻ
മണ്ട തകർപ്പൻ മൗനങ്ങളെ
മേയാൻ വിട്ടു.
സ്വർഗ്ഗത്ത്ന്ന് നൂൽകോപ്റ്ററിൽ
ഭൂമിയിൽ വന്നിറങ്ങുന്ന പുഴുക്കളെ,
ഭസ്മം പൂശിയ
ഉയിർത്തെഴുന്നേൽപ്പുകളെ,
തൊടുന്നിടം ഇല്ലാതാക്കുന്ന
അഹങ്കാരങ്ങളെ,
മേയാൻ വിട്ടു.

സമയം ഇന്ന്
കീടത്തുള വീണ ഒരു പേജ്.
അർത്ഥം ഇന്ന്
പുഴുച്ചാല് പിളർന്ന
വാക്കിന്റെ കീറവക്ക്.
സ്നേഹം ഇന്ന്
തുരന്നോ കരണ്ടോ സിരകൾ വിണ്ട
ഒരു പച്ചില;
സമാധാനം ഇന്ന്
തകർക്കപ്പെട്ട ഒരു താഴികക്കുടം.